LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ 45% പൂർത്തീകരിച്ചു. കടുത്തുരുത്തിയിൽനിന്നും കല്ലറ സബ്സ്റ്റേഷനിലേയ്ക്കുള്ള അനുബന്ധ 33 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(ബി) മുണ്ടാർ, മാൻവെട്ടം, പെരുന്തുരുത്ത്, കല്ലറ, നീണ്ടൂർ എന്നീ പ്രദേശങ്ങൾ പുതിയ സബ്സ്റ്റേഷന്റെ പരിധിയിൽ വരും.

(സി) 2016 മാർച്ച് മാസം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

റെയിൽവേ വികസന പദ്ധതികൾ

84(2285) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റെയിൽവേ വികസനത്തിന് ലഭിക്കേണ്ടുന്ന പദ്ധതികൾ നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വീഴ്ചയൊന്നും വരുത്തുന്നില്ല. റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിനും റെയിൽവേയുടെ എല്ലാതലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. എന്നാൽ കേരളത്തിലെ എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ എല്ലാവർഷവും സമർപ്പിക്കുന്നത് ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്ത് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യറാക്കി എല്ലാവർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന സർക്കാർ ചെയ്തുവരുന്നത്. എന്നാൽ ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽനിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നൽകുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ

പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോക്സഭാ, രാജ്യസഭാ എം.പി.-മാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും എം.പി.-മാർ മുഖേന പാർലമെന്റിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തി വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം മൊത്തം 10 കോടിയോളം രൂപ സംസ്ഥാന സർക്കാർ നൽകി. കൊല്ലം, കോട്ടയം എറണാകുളം നോർത്ത് സൗത്ത്, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്റ്റേഷൻ വികസനങ്ങൾക്കായാണ് ഈ തുക നൽകിയിട്ടുള്ളത്. പണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതൊടൊപ്പം സംസ്ഥാനത്ത് സബർബൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാരുമായി 50:50 ഓഹരിയുള്ള കൂട്ടുസംരംഭത്തിന് അനുമതി പ്രത്യേകമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എറണാകുളം ജില്ലയിലെ റെയിൽവേ വികസനത്തിനായി നിരവധി പദ്ധതികളും DEMU/MEMU സർവ്വീസുകൾ ആരംഭിക്കുവാനും റെയിൽവേയുമായി ധാരണയായിട്ടുണ്ട്. ഇവയിൽ എറണാകുളം ആലുവ റൂട്ടിൽ DEMU സർവ്വീസ് ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

പാലക്കാട് പൊള്ളാച്ചി റെയിൽവേ ഗതാഗതം

85(2286) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി റെയിൽവേ ഗതാഗതം യാഥാർത്ഥ്യമായ സാഹചര്യത്തിൽ ആലത്തൂരിൽ ഒരു റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ റെയിൽവേ അധികൃതരുമായി ചർച്ച നടത്തുമോ ;

(സി) ഇത്തരം പൊതുജനതാല്പര്യ വിഷയങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതികമായ തടസ്സങ്ങൾ മാറ്റി നിർത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly